ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.12.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഭരണ- പ്രതിപക്ഷ ബഹളത്തിൽ പ്രക്ഷുബ്ധമായി പാർലമെൻറ്. രാജ്യസഭാ നടപടികൾ 2 മണിവരെയും, ലോക്സഭ ഒരു മണി വരെയും നിർത്തിവച്ചു.

**Both the Houses of Parliament today witnessed disruptions over various issues. Amid the ruckus, Rajya Sabha was adjourned till 2 PM while the Lok Sabha was adjourned till 1 PM**

2) വാഹനാപകടത്തിൽപ്പെടുന്നവർക്ക് പണരഹിത ചികിത്സ ഉറപ്പുവരുത്തുന്ന പദ്ധതി രാജ്യത്ത് ഉടൻ നടപ്പാക്കുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി.

**Cashless treatment of accident victims' scheme will be launched across the country soon, said Union Minister for Road Transport and Safety, Nitin Gadkari in Lok Sabha.**

3) ഗ്രാമപ്രദേശങ്ങളിലെ സ്ത്രീ ശാക്തീകരണത്തിൽ ജൽജീവൻ മിഷൻ നിർണായക പങ്കുവഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi today praised the Jal Jeevan Mission saying that this scheme has played a pivotal role in empowering women, especially in rural areas.**

4) പെരിയാർ ഇ വി രാമസ്വാമി നായ്ക്കറുടെ നവീകരിച്ച സ്മാരകം തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ വൈക്കത്ത് ഉദ്ഘാടനം ചെയ്തു. അനീതിയ്ക്കെതിരായ പോരാട്ടങ്ങൾക്ക് പേരുകേട്ട നാടാണ് കേരളമെന്ന് എം കെ സ്റ്റാലിൻ.

**Tamil Nadu Chief Minister M.K. Stalin inaugurated Thanthai Periyar Memorial and Periyar library in Vaikom, Kerala. Kerala is renowned for its historic struggles against injustice, says M.K Stalin.**

**5) കേരളത്തിലെ വിവിധ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത.**

**IMD predicts very heavy rainfall in various districts of Kerala. Red alert issued for Pathanamthita, Idukki and Ernakulam district.**

**6) ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ്ബംഗാൾ , ഒഡിഷ എഫ് സി യെ നേരിടും .**

**In ISL, East Bengal will take on Odisha FC.**

## HEADLINE-1

### RS-ADJOURNED

ഭരണ- പ്രതിപക്ഷ ബഹളത്തിൽ പ്രക്ഷുബ്ധമായി പാർലമെൻറ്. രാജ്യസഭാ നടപടികൾ ഉച്ചക്ക് 2 മണിവരെയും, ലോക്സഭ ഒരു മണി വരെയും നിർത്തിവച്ചു. വിവിധ വിഷയങ്ങളിൽ രൂക്ഷമായ തർക്കമാണ് ഭരണ പ്രതിപക്ഷ അംഗങ്ങൾക്കിടയിലുണ്ടായത്. പ്രതിപക്ഷ പാർട്ടികൾ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ തള്ളിയതോടെയാണ് പ്രതിഷേധം ആരംഭിച്ചത്. സഭാധ്യക്ഷന്റെ തീരുമാനത്തെ ചോദ്യം ചെയ്യാനാവില്ലെന്ന്, പ്രതിപക്ഷം ശ്രീ ജഗ്ദീപ് ധൻഖറിനെതിരെ നടത്തുന്ന വിമർശനങ്ങളെ അപലപിച്ച് കേന്ദ്രമന്ത്രി ജെ പി നദ്ദ പറഞ്ഞു. എന്നാൽ സഭയുടെ ശ്രദ്ധ തിരിക്കാനാണ് ഭരണപക്ഷ എം പി മാർ ശ്രമിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. തുടർന്ന് ബഹളം രൂക്ഷമായ സാഹചര്യത്തിലാണ് സഭ രണ്ട് മണിവരെ നിർത്തിവച്ചത്.

## HEADLINE-2

## LS- ROAD SAFETY

വാഹനാപകടത്തിൽപ്പെടുന്നവർക്ക് പണരഹിത ചികിത്സ ഉറപ്പുവരുത്തുന്ന പദ്ധതി രാജ്യത്ത് ഉടൻ നടപ്പാക്കുമെന്ന് കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരി. നിലവിൽ ആറ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കിയ പദ്ധതി ഉടൻ രാജ്യമൊട്ടാകെ വ്യാപിപ്പിക്കുമെന്ന് അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തരവേളയിൽ അറിയിച്ചു. 1.5 ലക്ഷം രൂപയുള്ള ക്യാഷ് ലെസ്സ് ചികിത്സയാണ് ഇതിലൂടെ ഉറപ്പുവരുത്തുന്നത്. റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതിൽ ആശങ്ക പ്രകടിപ്പിച്ച കേന്ദ്രമന്ത്രി എല്ലാ ജില്ലകളിലും അപകടങ്ങൾ തടയുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കണമെന്നും എംപിമാരോട് അഭ്യർത്ഥിച്ചു. ചികിത്സ വൈകുന്നതാണ് 30 ശതമാനം അപകട മരണങ്ങൾക്കും കാരണമെന്നും അദ്ദേഹം പറഞ്ഞു.

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## OPPOSITION PROTEST

ഒരു പ്രമുഖ ഇന്ത്യൻ വ്യവസായ ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണത്തിൽ പ്രതിപക്ഷ എംപിമാർ ഇന്ന് പാർലമെന്റ് സമുച്ചയത്തിൽ പ്രതിഷേധ പ്രകടനം നടത്തി. വിഷയം സംയുക്ത പാർലമെന്ററി സമിതി അന്വേഷിക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു. കോൺഗ്രസ്, ഇടത് എംപിമാർ ഉൾപ്പെടെ പ്രതിഷേധത്തിൽ അണിചേർന്നു.

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## PAR-GIRIRAJ

അമേരിക്കൻ സ്ഥാപനമായ ജോർജ് സോറോസ് ഫൗണ്ടേഷനുമായി കോൺഗ്രസ് നേതാക്കൾ അടുത്ത ബന്ധം പുലർത്തുന്നതായി ആരോപിച്ച് കേന്ദ്രമന്ത്രി ഗിരിരാജ് സിങ്ങ്. വിഷയത്തിൽ കോൺഗ്രസ് വിശദീകരണം നൽകണമെന്നും പാർലമെൻറ് സമുച്ചയത്തിൽ അദ്ദേഹം മാധ്യമങ്ങൾക്ക് മുന്നിൽ ആവശ്യപ്പെട്ടു.

ꕥꕥꕥꕥꕥꕥꕥꕥꕥꕥꕥ

## HEADLINE-3

## PM-JAL JEEVAN

ഗ്രാമപ്രദേശങ്ങളിലെ സ്ത്രീ ശാക്തീകരണത്തിൽ ജൽജീവൻ മിഷൻ നിർണായക പങ്കുവഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ശുദ്ധജലം വീട്ടുപടിക്കലുണ്ടെങ്കിൽ, സ്ത്രീകൾക്ക് നൈപുണ്യ വികസനത്തിലും സ്വാശ്രയത്വത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## HEADLINE-4

**CM-M.K.STALIN(INTRO)**

**അനീതിയ്ക്കെതിരായ പോരാട്ടങ്ങൾക്ക് പേരുകേട്ട നാടാണ് കേരളമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ.വൈക്കം സത്യാഗ്രഹത്തിൽ പ്രധാന പങ്കു വഹിച്ച പെരിയാർ ഇ വി രാമസ്വാമി നായ്ക്കറുടെ നവീകരിച്ച സ്മാരകം വൈക്കത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജാതിവിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾക്ക് പ്രചോദനം പകർന്ന സത്യാഗ്രഹമാണ് വൈക്കത്ത് നടന്നതെന്നും ശ്രീ എം.കെ. സ്റ്റാലിൻ പറഞ്ഞു.**

(ഹോൾഡ്)

**വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി തമിഴ്നാട് സർക്കാർ സംഘടിപ്പിച്ച പരിപാടികളുടെ സമാപനവും ഇതോടൊപ്പം നടന്നു. പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷനായി.**

**Ram Nath Kovind,**

'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് ' പരിഷ്കാരം നടപ്പാക്കുന്നതിലൂടെ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ 1.5 ശതമാനം വരെ വളർച്ച കൈവരിക്കാനാകുമെന്ന് മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് . ഇത് രാജ്യത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകുമെന്നും അദ്ദേഹം കാൺപൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പഠന സമിതിയുടെ അധ്യക്ഷനായിരുന്നു ശ്രീ രാംനാഥ് കോവിന്ദ്. തീരുമാനം നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ സമവായം ഉണ്ടാക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

## UAE FM - VISIT

നാലാമത് ഇന്ത്യ-യുഎഇ നയതന്ത്ര സംഭാഷണത്തിൽ, വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കറും യു.എ.ഇ ഉപ പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാനും ഇന്ന് ന്യൂഡൽഹിയിൽ പങ്കെടുക്കും . പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും യു.എ.ഇ ഉപ പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും . ഇന്ത്യയും യു.എ.ഇ യും തമ്മിലുള്ള ബഹുമുഖ തന്ത്രപരമായ പങ്കാളിത്തത്തെ കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. 15-മത് ഇന്ത്യ-യുഎഇ സംയുക്ത കമ്മീഷൻ യോഗത്തിലും ഷെയ്ഖ് അബ്ദുല്ല ബിൻ സായിദ് അൽ നഹ്യാൻ പങ്കെടുക്കും.

## JITENDRA SINGH – PC(INTRO)

2035-ഓടെ ഇന്ത്യ സ്വന്തമായി ബഹിരാകാശ നിലയം സജ്ജീകരിക്കുമെന്നും 2040-ഓടെ ചന്ദ്രനിൽ ഇറങ്ങുമെന്നും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്. . ബഹിരാകാശ മേഖലയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് വിശദീകരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

## KERALA GOVT. - HC

സംസ്ഥാന ദുരിതാശ്വാസ നിധിയിലെ തുകയുടെ കണക്ക് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. SDRF ൽ 783 കോടി രൂപ ഉണ്ടെന്നും ഇത് ഉരുൾപൊട്ടൽ നടന്ന വയനാട് മേഖലയിൽ മാത്രം ഉപയോഗിക്കാനുള്ളതല്ല എന്നും സർക്കാർ വ്യക്തമാക്കി. ഈ തുകയിൽ 21 കോടി രൂപ വയനാട് ദുരിതാശ്വാസത്തിന് അനുവദിച്ചിട്ടുണ്ടെന്നും സത്യവാങ്മൂലത്തിൽ പറയുന്നു. ഇത് കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 682 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2,221 കോടി രൂപയുടെ സഹായമാണ് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്. വളരെ കുറച്ച് തുക മാത്രമാണ് കേന്ദ്രത്തിൽ നിന്നും സഹായമായി ലഭിച്ചതെന്നും സംസ്ഥാനം അറിയിച്ചു. പുനരധിവാസത്തിന് അർഹരായവരുടെ ആദ്യപട്ടിക ഈ മാസം പതിനാറിന് പ്രസിദ്ധീകരിക്കുമെന്നും അന്തിമ പട്ടിക അടുത്തമാസം പകുതിയോടെ പ്രസിദ്ധീകരിക്കുമെന്നും സർക്കാർ കോടതിയിൽ പറഞ്ഞു.

**FILIM FESTIVAL**

29-ാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കം. വൈകുന്നേരം ആറ് മണിക്ക് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര പ്രതിഭ ശബാന അസ്മി മുഖ്യാതിഥിയാകും.

## HEADLINE-5

**RAIN KERALA**

കേരളത്തിലെ വിവിധ ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യത. പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. തിരുവനന്തപുരം , കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രതയാണ്.

## HEADLINE-6

**I S L**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ്ബംഗാൾ എസ് സി, ഒഡിഷ എഫ് സി യെ നേരിടും. വൈകിട്ട് 7 .30 ന് കൊൽക്കത്തയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈയിൻ FC എതിരില്ലാത്ത ഒരു ഗോളിന് ഹൈദരാബാദ് FC യെ തോൽപ്പിച്ചു.

**KHELO INDIA**

ഖേലോ ഇന്ത്യ വിന്റർ ഗെയിംസിന്റെ അഞ്ചാം പതിപ്പ് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടക്കും. ജനുവരി 23 മുതൽ 27 വരെ നടക്കുന്ന ഐസ് ഗെയിംസിന് ലഡാക്ക് ആതിഥേയത്വം വഹിക്കും. ഫെബ്രുവരി 22 മുതൽ 25 വരെ നടക്കുന്ന സ്നോ ഗെയിംസ് ഗുൽമാർഗിലാണ് സംഘടിപ്പിക്കുക.

**CHESS**

സിംഗപ്പൂരിൽ നടക്കുന്ന ഫിഡെ ലോക ചെസ് ചാമ്പ്യൻഷിപ്പിന്റെ 14-ാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഡൊമ്മരാജു ഗുകേഷ് നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിംഗ് ലിറനെ ഇന്ന് നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30-നാണ് മത്സരം ആരംഭിക്കുന്നത്. ഈ ഗെയിമിൽ വിജയിക്കുന്നയാൾ ലോക ചാമ്പ്യനായി മാറും. കളി സമനിലയിൽ കലാശിച്ചാൽ ടൈബ്രേക്കുകൾ നാളെ നടക്കും.

**UNGA- CEASEFIRE VOTE**

ഇസ്രയേലിനും ഹമാസിനുമിടയിൽ ഉപാധിരഹിതവും, സ്ഥിരവുമായ വെടിനിർത്തൽ അടിയന്തരമായി നടപ്പാക്കണമെന്ന് ഐക്യരാഷ്ട്ര

പൊതുസഭ. ഇത് സംബന്ധിച്ച പ്രമേയത്തെ 198 അംഗ പൊതുസഭയിലെ 158 രാജ്യങ്ങൾ പിന്തുണച്ചു. ബന്ധികളെ ഉടൻതന്നെ മോചിപ്പിക്കണമെന്നും പ്രമേയം ആവശ്യപ്പെടുന്നു. യുദ്ധത്തെക്കുറിച്ചുള്ള ആഗോള നിലപാടിന്റെ പ്രതിഫലനമായാണ് യുഎൻ പ്രമേയത്തെ ലോകം നോക്കിക്കാണുന്നത്. യുഎൻ ദുരിതാശ്വാസ ഏജൻസിയുടെ പ്രവർത്തനങ്ങൾക്ക് മേൽ ഇസ്രയേൽ ഏർപ്പെടുത്തിയ നിരോധനത്തെ അപലപിക്കുന്ന പ്രമേയവും പൊതുസഭ പാസ്സാക്കി.

**<u>SABARIMALA-HC</u>**

ശബരിമല സന്നിധാനത്ത് ഹരിവരാസനം ചൊല്ലുന്നതിനിടയിൽ ദർശനത്തിന് നടൻ ദിലീപിന് പ്രത്യേക പരിഗണന നൽകിയതിനെ ഹൈക്കോടതി രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. ഇത്തരം ആളുകൾക്ക് പ്രത്യേക പരിഗണന നൽകുന്നതിൻറെ മാനദണ്ഡം ആരാഞ്ഞ കോടതി